LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ

247 (4635) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ വിശദവിവരം ലഭ്യമാക്കുമോ; ഇവിടെനിന്നും പുതുതായി സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാവേലിക്കര ഡിപ്പോയിൽനിന്നും നിലവിൽ 26 സർവ്വീസുകൾ (സൂപ്പർ ഫാസ്റ്റ്-3, ഫാസ്റ്റ്-8, ഓർഡിനറി-15) ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പുതുതായി ഏതെങ്കിലും സർവ്വീസുകൾ ആവശ്യമാണെന്ന അപേക്ഷ ലഭിക്കുന്ന പക്ഷം സാദ്ധ്യതാ പഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഡിപ്പോയിൽ പുതിയ പമ്പ് ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇത് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി.-യിൽ IOCL തുടങ്ങുന്ന റീട്ടെയിൽ ഫ്യുവൽ ഔട്ട്‌ലെറ്റുകളിൽ ഒന്ന് മാവേലിക്കര ഡിപ്പോയിലാണ് ആരംഭിക്കുന്നത്. ഇത് സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി ആഗസ്റ്റ് മാസം കമ്മീഷൻ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(സി) ഡിപ്പോയിലെ വർക്ക്ഷോപ്പ് ഗ്യാരേജ് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മാറ്റുവാനുള്ള കാരണം വ്യക്തമാക്കുമോ?

ഡിപ്പോയിലെ വർക്ക്ഷോപ്പ് ഗ്യാരേജ് മാറ്റുന്നതിന് തീരുമാനിച്ചിട്ടില്ല.

മാനന്തവാടി ഡിപ്പോയിൽ ഇന്ധനപ്പമ്പ്

248 (4636) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്തു തന്നെ ഇന്ധനപ്പമ്പ് സ്ഥാപിക്കുന്നതിന് നിലവിലെ ബുദ്ധിമുട്ട് എന്താണെന്ന് അറിയിക്കാമോ?

മാനന്തവാടി ഡിപ്പോയിൽ നിലവിൽ പഴയ ഗ്യാരേജ് സ്ഥിതിചെയ്യുന്ന സ്ഥലത്താണ് പമ്പ് സ്ഥാപിച്ചിട്ടുള്ളത്. പുതിയ ഡിപ്പോ പരിസരം മഴക്കാലത്ത് വെള്ളം കയറുന്ന സ്ഥലമായതുകൊണ്ട് അവിടെ പമ്പ് സ്ഥാപിക്കുവാൻ ബുദ്ധിമുട്ടാണ്.